ലക്കിടി കഞ്ചൻ നമ്പ്യാർ സ്മാരകം

93 (3060) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ലക്കിടി കഞ്ചൻ നമ്പ്യാർ സ്മാരകം മലയാളം സർവ്വകലാശാലയുടെ പഠനകേന്ദ്രമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) നിലവിൽ കഞ്ചൻ സ്മാരകത്തിൽ എന്തെല്ലാം കോഴ്സുകൾ നടത്തി വരുന്നു ; ഏതു സർവ്വകലാശാലയുമായാണ് അഫിലിയേഷൻ നടത്തിയിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) കഞ്ചൻനമ്പ്യാർ സ്മാരകത്തെ മലയാളം സർവ്വകലാശാലയുടെ പഠന കേന്ദ്രമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഓട്ടൻതുള്ളൽ, മൃദംഗം, മോഹിനിയാട്ടം, കർണ്ണാടക സംഗീതം എന്നീ കലാവിഷയങ്ങളിൽ 3 വർഷം കാലാവധിയുള്ള കോഴ്സുകൾ നടത്തുന്നു. കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുമായി ഉണ്ടാക്കിയ ധാരണാപത്രം അനുസരിച്ചാണ് കോഴ്സുകൾ നടത്തുന്നത്. മൂന്നാം വർഷം കലാമണ്ഡലം പരീക്ഷ നടത്തുകയും സർവ്വകലാശാലയുടെ സാക്ഷ്യപത്രം നൽകുകയും ചെയ്യുന്നു. കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുമായി അഫിലിയേഷൻ നിലവിലില്ല.

(സി) ബാധകമല്ല.

തലശ്ശേരി കോട്ടയിലെ പീരങ്കിയുടെ സംരക്ഷണം

94 (3061) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി കോട്ടയിൽ നിന്ന് ലഭ്യമായ നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി സംസ്ഥാന പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പീരങ്കി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പീരങ്കികളുടെ രാസസംരക്ഷണ പ്രവർത്തനത്തിനായി ഉറമുഖ വകുപ്പ് 3 ലക്ഷം രൂപ പുരാവസ്തു വകുപ്പിന് കൈമാറിയിട്ടുണ്ട്. രാസസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പുരാവസ്തു വകുപ്പിലെ ആർക്കിയോളജിക്കൽ കെമിസ്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൊടക്കാട് ഫോക്‌ലോർ വില്ലേജ്

95 (3062) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നർത്തകരത്നം കണ്ണൻ പെരുവണ്ണാന്റെ സ്മരണയിൽ കൊടക്കാട് കേന്ദ്രീകരിച്ച് ഫോക്ലോർ വില്ലേജ് ആരംഭിക്കുന്നതിന്നുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?.

ഉത്തരം

നർത്തകരത്നം കണ്ണൻ പെരുവണ്ണാന്റെ സ്മരണയിൽ കൊടക്കാട് കേന്ദ്രീകരിച്ച് ഫോക്‌ലോർ വില്ലേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ തൽക്കാലം പരിഗണനയിലില്ല.

സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണത്തിന് തെരഞ്ഞെടുത്ത കൃതികൾ

96 (3063) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക വകുപ്പ് അംഗീകാരം നൽകിയതും പ്രസിദ്ധീകരണത്തിന് തെരഞ്ഞെടുത്തതുമായ എത്ര കൃതികളാണ് ഇത്രകാലമായി പ്രസിദ്ധീകരിക്കാതെ വച്ചിട്ടുള്ളത് എന്നു പറയാമോ ; എന്തുകൊണ്ടാണ് ഈ കൃതികൾ തെരഞ്ഞെടുത്തിട്ടും പ്രസിദ്ധീകരിക്കാത്തത് എന്നു പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly